(സി) അനുബന്ധമായി ചേർക്കുന്നു.*

2009-ൽ കേരളോത്സവം നടത്താത്ത പഞ്ചായത്തുകളിൽ അവ നടത്തുന്നതിന് നടപടി

169 (6341) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജന ക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ൽ കേരളോത്സവം നടത്താത്ത പഞ്ചായത്തുകൾ ഏതെല്ലാം ;

(ബി) കേരളോത്സവം നടത്താത്ത പഞ്ചായത്തുകളിൽ ഈ വർഷം അവ നടത്തുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) മത്സര വിജയികൾക്ക് ഭാവിയിൽ പ്രയോജനപ്പെടുന്ന എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിർദ്ദേശം നൽകുന്നതാണ്.

(സി) സ്പോർട്സ് താരങ്ങൾക്കും സംസ്ഥാന സ്കൂൾ യുവജനോത്സവ മത്സര വിജയികൾക്കും നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ കേരളോത്സവ വിജയികൾക്കും നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

170 (6342) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ നീന്തൽ പരിശീലനത്തിനായി സ്പോർട്ട്സ് കൗൺസിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നീന്തൽ പരിശീലനത്തിന് സ്പോർട്ട്സ് കൗൺസിലിൽ എത്ര പരിശീലകരാണ് നിലവിലുള്ളത് ; അതിൽ സ്ഥിരം പരിശീലകർ എത്ര ; വനിതകൾ എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശീലകരുടെ കുറവ് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്ന കാര്യത്തിൽ അടിയന്തര തീരുമാനം കൈക്കൊള്ളണമെന്ന കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിർദ്ദേശം സർക്കാരിന്റെയും സ്പോർട്ട്സ് കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'ടേക്ക് എ സ്പ്ലാഷ്' (Take a Splash) എന്ന പദ്ധതി സ്കൂളുകളിൽ ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും സംസ്ഥാനത്ത് ലഭ്യമായ ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നീന്തലിൽ പ്രാഥമിക പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ഈ വർഷം മുതൽ +1 അഡ്മിഷന് നീന്തൽ അറിയാവുന്നവർക്ക് രണ്ട് ബോണസ് പോയിന്റ് നൽകി വരുന്നു.

(ബി) കേരള സ്പോർട്ട്സ് കൗൺസിലിൽ 13 നീന്തൽ പരിശീലകരാണുള്ളത്. ഇതിൽ 6 പേർ സ്ത്രീകൾ പരിശീലകരാണ്. 3 വനിതകളും ഉൾപ്പെടുന്നു.

(സി) പരിശീലകരുടെ ഒഴിവുകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. ഇതിന്റെ ഭാഗമായി കേരള സ്പോർട്ട്സ് കൗൺസിൽ, ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ, ജില്ലാ അക്വാട്ടിക് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കഴിഞ്ഞ മധ്യവേനലവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുകയുണ്ടായി. ഈ പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

171 (6343) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ജില്ലയിലുമുള്ള നീന്തൽകുളങ്ങളേയും ജലാശയങ്ങളേയും ഉപയോഗപ്പെടുത്തി മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകുവാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) നീന്തൽ പഠിച്ച വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നീന്തൽ പഠിച്ചവരെയും, പഠിക്കാത്തവരെയും തിരിച്ചറിയാൻ നിശ്ചയിച്ചിരിക്കുന്ന പരിശോധന എങ്ങനെ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly